## പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.1383 02.03.2017-ൽ മറുപടിയ്ക്ക്

## ലാൻഡ് റെക്കോർഡ്സ് ഡിജിറ്റലൈസ് ചെയ്യുന്ന നടപടിക്രമങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.കൃഷ്ണൻകുട്ടി | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) ലാൻഡ് റെക്കോർഡ്സ് ഡിജിറ്റലൈസ് ചെയ്യുന്ന നടപടിക്രമങ്ങൾ ഏതൊക്കെ താലൂക്കുകളിലാണ് പൂർത്തീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) കോട്ടയം ജില്ലയിലെ അഞ്ച് താലൂക്കുകളിലെ (ചങ്ങനാശ്ശേരി, കോട്ടയം, കാഞ്ഞിരപ്പള്ളി, മീനച്ചിൽ, വൈക്കം) വില്ലേജുകളിൽ അടിസ്ഥാന ഭൂ വിവരങ്ങളായ (Textual Data) അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ (TPR), എന്നിവ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്തു കഴിഞ്ഞിട്ടുണ്ട്. |
| (ബി) ഇതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ബി) വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ സേവനങ്ങളായ ഇ-പോക്കുവരവും റവന്യൂ ഇ-പെയ്മെന്റും നടപ്പിലാക്കുന്നതാണ് പദ്ധതിയുടെ ആദ്യഘട്ടം. തുടർന്നുള്ള ഘട്ടത്തിൽ ഭൂമിയുടെ ജി.ഐ.എസ് അധിഷ്ഠിതമായ സ്കെച്ചും ഡിജിറ്റൈസ് ചെയ്ത് ലാൻഡ് റെക്കോർഡ്സും പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഭൂരേഖകൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്തതിനുശേഷം ഭൂ സംബന്ധമായ മറ്റു സേവനങ്ങളും ഘട്ടം ഘട്ടമായി ഓൺലൈനായി ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.<br>ഭൂരേഖാ കമ്പ്യൂട്ടർവത്കരണത്തിനായുള്ള റവന്യൂ വകുപ്പിന്റെ ഓൺലൈൻ സോഫ്റ്റ് വെയറായ റെലിസും (Revenue Land Information System) ഭൂ രജിസ്ട്രേഷനു |

വേണ്ടി രജിസ്ട്രേഷൻ വകുപ്പ് ഉപയോഗിക്കുന്ന ഓപ്പൺ പേൾ (Open Pearl) എന്ന സോഫ്റ്റ് വെയറും വെബ് സർവ്വീസ് മുഖേന സംയോജിപ്പി-ച്ചുകൊണ്ടാണ് ഭൂ സംബന്ധമായ സേവനങ്ങൾ നിലവിൽ നൽകിവരുന്നത്.

സെക്ഷൻ ഓഫീസർ